(ഡി) മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ;

(ഇ) ഈ അത്യാഹിതത്തിനു് ഇടയാക്കിയ ബോട്ടുജോലിക്കാരുടെ മേൽ എന്തു നടപടി നടത്തിയിട്ടുണ്ടു്?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസു്): (എ) അറിവില്ല. ബോട്ടു് മറിഞ്ഞുപോയതിന്റെ ഫലത്തിൽപ്പെട്ട രണ്ടു വള്ളം മുങ്ങിയതിന്റെ ഫലമായി അഞ്ചു തൊഴിലാളികൾ മരിച്ചതായി അറിയാം.

(ബി) ഈ അത്യാഹിതം സംബന്ധിച്ചു് കോടതി മുമ്പാകെ ഒരു കേസു് നിലവിലുള്ളതിനാൽ ഇതിനെപ്പറ്റി ഒരഭിപ്രായം പറയുവാൻ ഗവണ്മെന്റിനു് ഇപ്പോൾ സാധിക്കുകയില്ല.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) പോലീസു് കേസു് ചാർജ്ജു് ചെയ്തിട്ടുണ്ടു്.

ടെയിലറിംഗു് ആൻഡു് ഗാർമെന്റു് മേക്കിംഗു് സെന്റർ.

* 1668. [15] ശ്രീ. സി. കുഞ്ഞുകൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1958-59-ൽ ഈ സ്റ്റേറ്റിൽ എത്ര ടെയിലറിംഗു് ആൻഡു് ഗാർമെന്റു് മേക്കിംഗു് സെന്ററുകൾ അനുവദിച്ചിട്ടുണ്ടു്;

(ബി) അങ്ങനെ അനുവദിച്ച ടെയിലറിംഗു് ആൻഡു് ഗാർമെന്റു് മേക്കിംഗു് സെന്ററുകളിൽ ചില പ്രത്യേക സമുദായങ്ങളിൽപ്പെട്ടവർക്കു മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു എന്നുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തലശ്ശേരിയിലുള്ള ടെയിലറിംഗു് ആൻഡു് ഗാർമെന്റു് മേക്കിംഗു് സെന്ററുകളിൽ മുസ്ലീം ബാലികമാർക്കു മാത്രമേ പ്രവേശനം അനുവദിച്ചുള്ളു എന്നു കേൾക്കുന്നതു വാസ്തവമാണോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): (എ) 1958-59-ൽ ടെയിലറിംഗു് ആൻഡു് ഗാർമെന്റു് മേക്കിംഗു് സെന്റർ രണ്ടെണ്ണംമാത്രമേ അനുവദിച്ചിട്ടുള്ളു.

(ബി) ഉണ്ടു്.

(സി) അതെ. എന്നാൽ മുസ്ലീം ബാലികമാരുടെ എണ്ണം തികയാതെ വന്നതുകൊണ്ടു് മറ്റു സമുദായങ്ങളിൽപ്പെട്ട രണ്ടു ബാലികമാർക്കു കൂടി പ്രവേശനം അനുവദിച്ചിട്ടുണ്ടു്.

ശ്രീ. സി. കുഞ്ഞുകൃഷ്ണൻനായർ: മുസ്ലീം ബാലികമാരെ മാത്രമേ പ്രവേശനത്തിനു് അനുവദിക്കുകയുള്ളു എന്നുള്ള പ്രസ്താവന പത്രത്തിൽ ഉണ്ടായിരുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: പത്രപ്രസ്താവനയെക്കുറിച്ചു് ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. മറ്റൊരു സമുദായം മൂലം പുറത്തുപോയി പ്രവൃത്തി എടുക്കാൻ കഴിവില്ലാത്ത മുസ്ലീം ബാലികമാർക്കു് തൊഴിൽ പരിശീലനം കൊടുക്കുന്നതിനുള്ള ഒരു സംരംഭം ആണിതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ സി. കുഞ്ഞിക്കൃഷ്ണൻ നായർ: കണ്ണൂർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ആഫീസർ പദ്ധതികളിൽ പരസ്യം ചെയ്തിട്ടുള്ളത് മുസ്ലീം ബാലികമാർക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു എന്നാണ് എന്നുള്ള വസ്തുത അറിയാമോ?

ശ്രീ. കെ. പി. ഗോപാലൻ: എനിക്ക് അതേപ്പറ്റി അറിവില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ ന്യൂനപക്ഷ സ്ത്രീകൾക്ക് മറ്റുള്ള സ്ത്രീകളെ കാണാൻ പാടില്ലാ എന്നുള്ള നിയമം ഉണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: അങ്ങനെ നിയമമില്ല.

ശ്രീ. സി. കുഞ്ഞിക്കൃഷ്ണൻ നായർ: എല്ലാ പിന്നാക്കസമുദായങ്ങളിൽപ്പെട്ട ബാലികമാക്കും ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ പ്രവേശനം അനുവദിക്കുമോ?

ശ്രീ. കെ. പി. ഗോപാലൻ: ഈ സ്ഥാപനത്തിൽതന്നെ മറ്റു സമുദായത്തിൽപ്പെട്ട രണ്ടുപേരെ കൂടി അംഗങ്ങളായി എടുത്തിട്ടുണ്ട്. മറ്റു ടെയിലറിംഗ് അൻഡ് ഗാർമെൻറ് മേക്കിംഗ് സെൻറുകളിൽ എല്ലാവർക്കും പ്രവേശനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. കുഞ്ഞിക്കൃഷ്ണൻ നായർ: എത്രപേർക്കാണ് ഈ സ്ഥാപനത്തിൽ പ്രവേശനം അനുവദിക്കുന്നത്?

ശ്രീ. കെ. പി. ഗോപാലൻ: പതിനാറുപേർക്ക്.

ശ്രീ. അവുക്കാദർ കുട്ടിനഹാ: ഇവരുടെ ക്വാളിഫിക്കേഷൻ എന്താണ്?

ശ്രീ. കെ. പി. ഗോപാലൻ: തേഡ് ഫാറം.

ശ്രീ. പി. എം. കുഞ്ഞുരാമൻനമ്പ്യാർ: തേഡ്ഫാറം എന്നു പറഞ്ഞാൽ എട്ടാം സ്റ്റാൻേറഡാണോ?

ശ്രീ. കെ. പി. ഗോപാലൻ: തേഡ്ഫാറമാണ് വച്ചിട്ടുള്ളത്. അതിൻെറ കറസ്പോണ്ടിംഗ് ആയിട്ടുള്ളത് എട്ടുക്കും.

ഉദ്യോഗസ്ഥന്മാരുടെ യാത്രപ്പടി.

* 1669 [17] ശ്രീ. ആർ. ഗോവിന്ദൻ*: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരുടെ യാത്രപ്പടി ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം എത്ര തുക വീതം ചെലവായി:

(1) അഡീഷണൽ ഡവലപ്പ്മെൻറ് കമ്മീഷണർ
(2) ലോക്കൽബോഡീസ് ഡയറക്ടർ
(3) വ്യവസായ ഡയറക്ടർ
(4) ട്രാൻസ്പോർട്ട് കമ്മീഷണർ

ധനകാര്യ മന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

		രൂ.
(1)	അഡീഷണൽ ഡവലപ്പ്മെൻറ് കമ്മീഷണർ	10,026.85
(2)	ലോക്കൽബോഡീസ് ഡയറക്ടർ ...	6,332.11
(3)	വ്യവസായ ഡയറക്ടർ	11,033.13
(4)	ട്രാൻസ്പോർട്ട് കമ്മീഷണർ	5,130.01

* As the member was absent this question was put by Shri R. Sugathan with the permission of the chair.

LIBRARY ARCHIVES Kerala Legislative Assembly